
2025 FEBRUARY
27
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# അസമിൽ 50,000 കോടിയുടെ നിക്ഷേപവുമായി അംബാനിയും അദാനിയും

## മധ്യപ്രദേശിന് 30.77 ലക്ഷം കോടിയുടെ നിക്ഷേപം



**ന്യൂദൽഹി:** ഇന്ത്യയിലെ ഏറ്റവും സമ്പന്നൻ മുകേഷ് അംബാനി നയിക്കുന്ന റിലയൻസ് ഇൻഡസ്ട്രീസ് അസമിൽ 50,000 കോടി രൂപയുടെ നിക്ഷേപം നടത്തും. ശതകോടീശ്വരൻ ഗൗതം അദാനി നയിക്കുന്ന അദാനി ഗ്രൂപ്പും സമാനതുകയുടെ നിക്ഷേപം അസമിന് പ്രഖ്യാപിച്ചു. അസം 2.0 നിക്ഷേപക സംഗമത്തിലാണ് പ്രഖ്യാപനങ്ങൾ. അടുത്ത 5 വർഷത്തിനകമാണ് റിലയൻസ് 50,000 കോടി രൂപയുടെ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുക. 2018ൽ അസമിനായി 5,000 കോടി രൂപയുടെ നിക്ഷേപം റിലയൻസ് പ്രഖ്യാപിച്ചിരുന്നു. പിന്നീടിത് 12,000 കോടി രൂപയായി ഉയർത്തി. ഇതിനേക്കാൾ നാലിരട്ടി അധിക നിക്ഷേപമാണ് ഇപ്പോൾ വാദ്ഗാനം ചെയ്യുന്നതെന്ന് മുകേഷ് അംബാനി വ്യക്തമാക്കി. ടെക്നോളജി, ഡിജിറ്റൽ മേഖലയിലായിരിക്കും കൂടുതൽ നിക്ഷേപം. അസമിനെ 'ടെക്റെഡി, എഐറെഡി സംസ്ഥാനമായി' ഉയർത്തുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഗുവാഹത്തിയിൽ നടന്ന അസം 2.0 ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ സമ്മിറ്റിലാണ് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയും 50,000 കോടി രൂപയുടെ നിക്ഷേപം പ്രഖ്യാപിച്ചത്. വിമാനത്താവളം, എയറോസിറ്റി, ഊർജ വിതരണം, സിമന്റ് ഉൽപാദനം, സിറ്റി ഗ്യാസ് വിതരണം, റോഡ് നിർമാണം തുടങ്ങിയ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കാണ് അദാനി ഗ്രൂപ്പ് ഊന്നൽ നൽകുക.

മധ്യപ്രദേശ് സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപക ഉച്ചകോടിയിൽ സംസ്ഥാനത്തിന് 30.77 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചെന്ന് മുഖ്യമന്ത്രി മോഹൻ യാദവ് വ്യക്തമാക്കി. തലസ്ഥാനമായ ഭോപാലിൽ ഫെബ്രുവരി 24, 25 തീയതികളിലായിരുന്നു ഉച്ചകോടി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഉച്ചകോടി ഉദ്ഘാടനം ചെയ്തത്. വ്യവസായ പ്രമുഖരായ ഗൗതം അദാനി, കുമാർ മംഗളം ബിർള തുടങ്ങിയവർ പങ്കെടുത്തിരുന്നു. ജർമനി, ജപ്പാൻ, നെതർലൻഡ്സ്, യുകെ, പോളണ്ട്, മലേഷ്യ, നേപ്പാൾ, മൊറോക്കോ, യുഗാണ്ട, സീഷെൽസ്, റുവാണ്ട, അംഗോള, സിംബാബ്!വേ, ജമൈക്ക തുടങ്ങിയവ രാജ്യങ്ങളുടെ പ്രതിനിധികളും സംബന്ധിച്ചു.



## ഇന്ത്യ– ബ്രിട്ടൻ വ്യാപാര ബന്ധം ശക്തിപ്പെടുത്തും; പുതിയ കരാറുകൾ മുന്നോട്ടുവച്ച് ബ്രിട്ടിഷ് മന്ത്രിമാർ

**ന്യൂഡൽഹി:** ഇന്ത്യ- ബ്രിട്ടൻ വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നതിനു പുതിയ കരാറുകൾ മുന്നോട്ടുവച്ച് ബ്രിട്ടിഷ് മന്ത്രിമാർ. ഇന്ത്യാസന്ദർശനത്തിന്റെ ഭാഗമായാണ് കയറ്റുമതിയും നിക്ഷേപവുമായി ബന്ധപ്പെട്ട 17 പുതിയ കരാറുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. സാങ്കേതിക വിദ്യ, ജീവ ശാസ്ത്രം തുടങ്ങി മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതാണ് പുതിയ കരാറുകൾ.

ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നതിനൊപ്പം നൂറുകണക്കിനു തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കരാർ കാരണമാകുമെന്ന് ബ്രിട്ടിഷ് സ്റ്റേറ്റ് സെക്രട്ടറി ജോനാഥൻ റെയ്നോൾഡ്സും ബ്രിട്ടിഷ് നിക്ഷേപ മന്ത്രി പോപ്പി ഗുസ്താഫ്സനും പറഞ്ഞു.

കഴിഞ്ഞ വർഷം മാത്രം, ഇന്ത്യയും യുകെയുമായുള്ള വ്യാപാരം 4100 കോടി പൗണ്ടിന്റെ വളർച്ച രേഖപ്പെടുത്തി. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണമാണ് കാണിക്കുന്നത്. ഇൻഷുറൻസ് രംഗത്ത് നൂറു ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിക്കാനുള്ള ബജറ്റ് പ്രഖ്യാപനം യുകെ കമ്പനികൾക്ക് ഇന്ത്യയിലുള്ള അവരുടെ സാന്നിധ്യം വിപുലീകരിക്കാൻ അവസരമൊരുക്കും. സർക്കാരിന്റെ പുതിയ നീക്കം ഇന്ത്യക്കാർക്ക് യുകെയിൽ നിക്ഷേപം തുടരാനുള്ള ആത്മവിശ്വാസം വർധിപ്പിക്കുന്നതാണ്. ഇന്ത്യക്കാർ യുകെയിൽ തുടർച്ചയായി നിക്ഷേപം നടത്തുന്നതും ഇന്ത്യ, യുകെ സാമ്പത്തിക ബന്ധം ശക്തിപ്പെടുന്നതിന്റെ മറ്റൊരു തെളിവാണെന്നും ഗുസ്താഫ്സൻ പറഞ്ഞു.

ഇന്ത്യ- ബ്രിട്ടൻ സ്വതന്ത്ര വ്യാപാര കരാർ കൂടുതൽ സാമ്പത്തിക വളർച്ച ഉണ്ടാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇന്ത്യയെ പോലെ അനുനിമിഷം വളർന്ന സമ്പദ്വ്യവസ്ഥയുള്ള ഒരു രാജ്യവുമായി വ്യാപാര നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ബ്രിട്ടിഷ് മന്ത്രിമാർ പറയുന്നു.

## എല്ലാ പൗരന്മാർക്കുമായി സാർവത്രിക പെൻഷൻ പദ്ധതി; പ്രാഥമിക ചർച്ചകളുമായി കേന്ദ്ര സർക്കാർ



**ന്യൂഡൽഹി:** രാജ്യത്തെ എല്ലാ പൗരന്മാർക്കുമായി സാർവത്രിക പെൻഷൻ പദ്ധതി കേന്ദ്രസർക്കാർ കൊണ്ടുവരാനൊരുങ്ങുന്നുവെന്ന് വിവരം. രാജ്യത്തെ നിർമാണ തൊഴിലാളികൾ, വീട്ടുജോലിക്കാർ ഉൾപ്പെടെയുള്ളവർക്ക് സമഗ്രമായ പെൻഷൻ പദ്ധതികളില്ല. ഇതിന് പരിഹാരമായാണ് പുതിയ പദ്ധതിക്കുള്ള കേന്ദ്ര സർക്കാർ നീക്കം.

കേന്ദ്ര തൊഴിൽ മന്ത്രാലയം ഇതുസംബന്ധിച്ച പ്രാഥമിക ചർച്ചകൾ ആരംഭിച്ചു. സ്വയം തൊഴിൽ ചെയ്യുന്നവരും ശമ്പളവരുമാനക്കാരും പുതിയ പദ്ധതിയുടെ ഭാഗമാകുമെന്നാണ് കരുതുന്നതെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. പുതിയ പെൻഷൻ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് നിശ്ചിത തുക അടച്ച് 60 വയസാകുമ്പോൾ മാസം നിശ്ചിത തുക പെൻഷനായി ലഭിക്കും.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി നിലവിൽ സർക്കാരിന്റെ നിരവധി പെൻഷൻ പദ്ധതികളുണ്ട്. നിക്ഷേപകന് 60 വയസ് കഴിഞ്ഞാൽ മാസം 3000 രൂപ ലഭിക്കുന്ന, കർഷകർക്കുള്ള പ്രധാൻ മന്ത്രി കിസാൻ മന്ദൻ യോജന പദ്ധതിയുമുണ്ട്.



# തീറ്റപ്പുല്ല് കരിഞ്ഞുണങ്ങുന്നു: ക്ഷീരകർഷകർ പ്രതിസന്ധിയിൽ



**തൊടുപുഴ:** വേനൽച്ചൂടിന് കാഠിന്യം കൂടിയതോടെ മലയോരമേഖലയിലെ ക്ഷീരകർഷകർ കടുത്ത പ്രതിസന്ധിയിലായി. വേനൽ ഈ നിലയിൽ തുടർന്നാൽ കന്നുകാലികളെ എങ്ങനെ തീറ്റിപ്പോറ്റുമെന്ന ആശങ്കയിലാണ് കർഷകർ.

കന്നുകാലികൾക്ക് ആവശ്യമായ തീറ്റപ്പുല്ലുകൾ മുഴുവൻ കരിഞ്ഞുണങ്ങുന്ന സ്ഥിതിയാണ്. ജലാശയങ്ങൾ വറ്റിയതോടെ വെള്ളത്തിനും ബുദ്ധിമുട്ട് നേരിടാൻ തുടങ്ങി. പാടശേഖരങ്ങളിൽനിന്നും ധാരാളമായി പച്ചപ്പുല്ല് ലഭിച്ചിരുന്നതാണ് കന്നുകാലി വളർത്തുന്ന കർഷകർക്ക് ഏറെ ആശ്വാസകരമായിരുന്നത്.

ശക്തമായ വേനലിൽ മലയോര മേഖലയിലെ കൃഷിയിടങ്ങളിൽ പച്ചപ്പുല്ല് കരിഞ്ഞുണങ്ങി. ഇതിനു പുറമേ തമിഴ്നാട്ടിൽനിന്നുള്ള വൈക്കോലിന്റെ വരവും കുറഞ്ഞു. നേരത്തേ ലഭിച്ചുകൊണ്ടിരുന്നതിനേക്കാൾ കെട്ടിന് അൻപത് രൂപയോളമാണ് വൈക്കോലിന് വില വർധിച്ചത്. 20 കിലോയുടെ ഒരു കെട്ടിന് 300 രൂപ വരെ വില ഉർന്നിട്ടുണ്ട്.

എന്നാൽ വേനൽക്കാലത്ത് ഉത്പാദനച്ചെലവ് പതിൻമടങ്ങ് വർധിച്ചിട്ടും പാലിന് മതിയായ വില ലഭിക്കുന്നില്ലെന്നാണ് ക്ഷീരകർഷകരുടെ പ്രധാന പരാതി. നിലവിൽ സൊസൈറ്റികളിൽ പരമാവധി 49 രൂപ വരെയാണ് ഒരു ലിറ്റർ പാലിന് ലഭിക്കുന്നത്. ഇൻസന്റീവായി എട്ട് രൂപയും ലഭിക്കും. സഹകരണ സംഘത്തിൽ എത്തിക്കുന്ന പാലിന് കൊഴുപ്പിന്റെ അടിസ്ഥാനത്തിലാണ് വില നൽകുന്നത്.

ചൂട് കൂടുന്പോൾ പലപ്പോഴും പാലിന്റെ കൊഴുപ്പ് കുറയും. അതിനാൽ വേനൽക്കാലത്ത് കർഷകർക്ക് കിട്ടുന്ന പാലിന്റെ വിലയും കുറവായിരിക്കും. ഇതോടെ ഉത്പാദനച്ചെലവ് പോലും കിട്ടാതാകും. വേനൽക്കാലത്തെങ്കിലും ക്ഷീരസംഘങ്ങൾ വഴി കൂടുതൽ വില നൽകി പാൽ ശേഖരിക്കാൻ ബന്ധപ്പെട്ട അധികൃതർ തയാറായില്ലെങ്കിൽ ക്ഷീരോത്പാദന മേഖലയെ ആശ്രയിക്കുന്ന കർഷകർ കടുത്ത പ്രതിസന്ധി നേരിടേണ്ടിവരും.

തോടുകളും കുളങ്ങളും അരുവികളും വറ്റിവരണ്ടതോടെ കാലികളെ കുളിപ്പിക്കാൻ പോലും കഴിയാത്ത അവസ്ഥയാണ്. കർഷകർക്ക് സ്വന്തമായി ഉണ്ടായിരുന്ന തീറ്റപ്പുല്ല് കൃഷിയും കരിഞ്ഞുണങ്ങി. ഇതുകാരണം ആശ്രയം വയ്ക്കോലും കാലിത്തീറ്റയും മാത്രമാണ്. ഇതിനു രണ്ടിന്റെയും വില കർഷകർക്ക് താങ്ങാൻ കഴിയില്ല. എന്നാൽ വേനൽക്കാലത്ത് പച്ചപ്പുല്ലിന്റെ ലഭ്യത കുറയുന്നതിനാൽ കാലിത്തീറ്റ നൽകിയേ തീരൂ. അതിനാൽ വേനൽക്കാലത്ത് പാലിന്റെ ഉത്പാദനച്ചെലവു വർധിക്കും. അതിനാൽ ഉത്പാദനച്ചെലവിനനുസരിച്ചുള്ള വില കിട്ടിയില്ലെങ്കിൽ ഇതുകൊണ്ട് ജീവിക്കാൻ കഴിയില്ലെന്നാണ് ക്ഷീരകർഷകർ പറയുന്നത്.

ക്ഷീരോത്പാദനമേഖലയിൽ കർഷകരെ സഹായിക്കാനുള്ള നിരവധി പദ്ധതികൾ ഉണ്ടെങ്കിലും അതിന്റെ പ്രയോജനം പലപ്പോഴും ലഭിക്കുന്നില്ലെന്ന് ഇവർ ചൂണ്ടിക്കാട്ടി. വേനൽ കണക്കിലെടുത്ത് പാലിന് ചെറിയ തോതിലെങ്കിലും വില വർധിപ്പിക്കണമെന്ന ആവശ്യം ശക്തമാണ്.

ഇപ്പോൾ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽനിന്നു ലഭിക്കുന്നതിനേക്കാൾ കൂടിയ വില നൽകി പല സ്ഥലങ്ങളിലും വ്യക്തികളും പുതിയ സംഘങ്ങളും പാൽ ശേഖരിച്ച് വില്പന നടത്തുന്ന രീതിയും വർധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങളിൽനിന്ന് ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട വില മറ്റിടങ്ങളിൽനിന്നു ലഭിക്കുന്നതായി കർഷകർ പറയുന്നു.

ജില്ലയിൽ പതിനെട്ടായിരത്തോളം ക്ഷീരകർഷകരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. പ്രതിദിനം 1,86,000ത്തോളം ലിറ്റർ പാൽ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്നുണ്ട്. ജില്ലയിൽ 191 ക്ഷീരസഹകരണ സംഘങ്ങളാണുള്ളത്. 21 ശതമാനം പാൽ പ്രാദേശികമായും 79 ശതമാനം പാൽ നഗരങ്ങളിലുമാണ് വിപണനം ചെയ്യുന്നത്.

കോവിഡ് കാലത്തും പ്രളയദുരിത കാലത്തും ഒരു ദിവസം പോലും പാൽ സംഭരണം മുടക്കാത്ത ജില്ലയാണ് ഇടുക്കി. എന്നാൽ ക്ഷീര ജില്ലയായ ഇടുക്കിയിൽ ഈ മേഖലയിൽ പുലർച്ചെ മുതൽ രാത്രി വരെ പണിയെടുക്കുന്ന കർഷകർക്ക് കാര്യമായ പ്രതിഫലം ലഭിക്കുന്നില്ലെന്നാണ് ഇവരുടെ കാലങ്ങളായുള്ള പരാതി.

അതിരൂക്ഷമായ ചൂടും വരണ്ട കാലാവസ്ഥയും കന്നുകാലികളിൽ പല ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മുന്നറിയിപ്പ് നൽകുന്നു. ഉയർന്ന ഉത്പാദന ശേഷിയുള്ള സങ്കരയിനം ഉരുക്കൾക്ക് ഇക്കാലത്ത് പ്രത്യേക പരിപാലനം ആവശ്യമാണ്. സൂര്യാതപത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ സഹായം തേടണം. കന്നുകാലികൾ കടുത്ത ചൂടു മൂലം മരണപ്പെട്ടാൽ മൃഗാശുപത്രിയിൽ വിവരം അറിയിച്ച് വെറ്ററിനറി ഡോക്ടർ പോസ്റ്റ്മോർട്ടം നടത്തിയ ശേഷമേ ജഡം മറവ് ചെയ്യാൻ പാടുള്ളുവെന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

മൃഗങ്ങൾക്ക് കുടിക്കാൻ ശുദ്ധജലം യഥേഷ്ടം നൽകണം. ഖരാഹാരം രാവിലെയും വൈകുന്നേരവുമായി പരിമിതപ്പെടുത്തണം. പച്ചപ്പുല്ല് ലഭ്യമല്ലെങ്കിൽ പച്ചിലകൾ, ഈർക്കിൽ കളഞ്ഞ് മുറിച്ച ഓല എന്നിവ നൽകാം. ഊർജദായകമായ കൊഴുപ്പിന്റെയും മാംസ്യത്തിന്റെയും അളവ് കൂട്ടുന്നതിന് പരുത്തിക്കുരു, സോയാബീൻ എന്നിവ തീറ്റയിൽ ഉൾപ്പെടുത്തണം. ധാതുലവണങ്ങളും വിറ്റാമിൻ മിശ്രിതവും നല്കണം.

വൈക്കോൽ രാത്രി മാത്രം തീറ്റയായി നൽകുക. വെയിലത്ത് തുറസായ സ്ഥലങ്ങളിൽ കെട്ടിയിടുകയോ മേയാൻ വിടുകയോ ചെയ്യരുത്. തണലുള്ള സ്ഥലത്ത് മാത്രം നിർത്തണം. കൃത്രിമ ബീജദാനത്തിനു മുൻപും ശേഷവും ഉരുക്കളെ തണലിൽ തന്നെ നിർത്തണം. മേൽക്കൂരയ്ക്കു മുകളിൽ ചാക്ക്, വൈക്കോൽ എന്നിവ നിരത്തി വെള്ളം തളിക്കുന്നത് ചൂട് കുറയ്ക്കും. ഒന്നോ രണ്ടോ തവണയെങ്കിലും പശുക്കളെ കുളിപ്പിക്കണം. എരുമകളെ വെള്ളത്തിൽ കിടത്തുകയോ നാലഞ്ചു തവണ ദേഹത്ത് വെള്ളമൊഴിക്കുകയോ ചെയ്യുക.

തൊഴുത്തിലെ ചൂട് കുറയ്ക്കാൻ മിസ്റ്റ് സ്പ്രേ, ചുമരിലുറപ്പിക്കുന്ന ഫാൻ എന്നിവ ഉപയോഗിക്കാം. വായു സഞ്ചാരം സുഗമമാക്കുന്നതിന് വശങ്ങൾ മറച്ചുകെട്ടാതെ തുറന്നിടണം. അമിതമായ ഉമിനീരൊലിപ്പിക്കൽ, തളർച്ച, പൊള്ളൽ തുടങ്ങിയ സൂര്യാതപത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണം.

## ദേശീയപാത 544: അടിപ്പാതകളുടെ നിർമാണം വേഗത്തിലാക്കാൻ നിർദേശം

**തൃശൂർ:** ദേശീയപാതയിലെ അടിപ്പാതകളുടെ നിർമാണം വേഗത്തിലാക്കാൻ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർദേശം നൽകി. ദേശീയപാത 544ൽ കല്ലിടുക്ക്, മുടിക്കോട്, ആമ്പല്ലൂർ, പേരാമ്പ്ര, മുരിങ്ങൂർ, കൊരട്ടി, ചിറങ്ങര എന്നിവിടങ്ങളിലെ അടിപ്പാതകളുടെ നിർമാണങ്ങൾ വേഗത്തിലാക്കണം.

തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും എണ്ണം വർധിപ്പിക്കാനും ദേശീയപാത അഥോറിറ്റി ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. ദേശീയപാതനിർമാണപ്രവർത്തനങ്ങൾ 13 ശതമാനം പൂർത്തിയായെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. തുടർപ്രവർത്തങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കൃത്യമായ രൂപരേഖ തയാറാക്കിനൽകാൻ കളക്ടർ നിർദേശിച്ചു.

വാളയാർഅങ്കമാലി മേഖലയിലെ പതിനൊന്ന് അപകടമേഖലകളിൽ റോഡ് അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികളും യോഗത്തിൽ ചർച്ചയായി. ദിശാസൂചികൾ, വഴിവിളക്കുകൾ എന്നിവ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കണം. ദേശീയപാതയോടു ചേർന്നുള്ള ഡ്രെയിനുകളുടെയും സർവീസ് റോഡുകളുടെയും നിർമാണവും അറ്റകുറ്റപ്പണികളും എത്രയും വേഗം പൂർത്തിയാക്കാനും പാലിയേക്കര ടോളിലെ വാഹനങ്ങളുടെ നീണ്ടനിര ഒഴിവാക്കാൻ അടിയന്തരനടപടിയെടുക്കണമെന്നും കളക്ടർ നിർദേശിച്ചു.


പുതുക്കാട് ഫ്ളൈ ഓവർ, പോട്ട ആശ്രമം സർവീസ് റോഡ്, മരത്താക്കര, നടത്തറ അടിപ്പാതകൾ തുടങ്ങിയ 17 പുതിയ പ്രവൃത്തികളുടെ ടെൻഡർ മാർച്ച് ആദ്യവാരം തുറക്കുമെന്നു ദേശീയപാത ഉദ്യോഗസ്ഥർ അറിയിച്ചു.

യോഗത്തിൽ എംഎൽഎമാരായ കെ.കെ. രാമചന്ദ്രൻ, സനീഷ് കുമാർ ജോസഫ്, എൻഎച്ച്എഐ പ്രോജക്ട് ഡയറക്ടർ അൻസിൽ ഹസൻ, നെൻമണിക്കര പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം. ബി. സജിൻ, കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു, മേലൂർ പഞ്ചായത്ത് പ്രസിഡന്റ് എം.എസ് സുനിത, കൊടകര പഞ്ചായത്ത് സെക്രട്ടറി ബിന്ദുജ നായർ, പോലീസ്, മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## മലയോരമേഖല ഒഴിവാക്കി ഹൈവേ നിർമിക്കാൻ നീക്കം

**നെന്മാറ:** നിർദിഷ്ട മലയോരഹൈവേ മലയോരമേഖല ഒഴിവാക്കി നിർമിക്കാൻ പദ്ധതി. അഞ്ചു റീച്ചുകൾ ആയാണ് പാലക്കാട് ജില്ലയിൽ മലയോര ഹൈവേ നിർമാണത്തിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ അഞ്ചാം റീച്ച് ആയാണ് നെന്മാറ മേഖല ഉൾപ്പെടുത്തിയിരിക്കുന്നത്.

നെന്മാറ മേഖലയിൽ ഹൈവേ മലയോരമേഖലയെ ഒഴിവാക്കി കുമ്പളക്കോട്, വിത്തനശേരി മുതൽ വടക്കഞ്ചേരി തങ്കം ജംഗ്ഷൻ വരെ സംസ്ഥാനപാതയിലേക്ക് ലയിപ്പിച്ച് നിർമിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.



ഇപ്രകാരം മലയോരഹൈവേ നിർമാണം ആരംഭിച്ചാൽ നെന്മാറ, അയിലൂർ, വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി പഞ്ചായത്തുകളിലെ മലയോരമേഖലകൾക്ക് മലയോരഹൈവേ സൗകര്യം ലഭ്യമല്ലാതാകും. നാലാം റീച്ചിൽ തെന്മലയോരത്തുള്ള പൊതുമരാമത്തുപാതകളും പഞ്ചായത്തുപാതകളും നവീകരിച്ച് മലയോര ഹൈവേയാക്കാനായിരുന്നു പ്രാഥമികപഠനം നടത്തിയത്.

പനങ്ങാട്ടിരി നിന്നും എലവഞ്ചേരി, പറശേരി, കണ്ണോട് കൊടുവാൾപാറ, അളുവശേരി, പോക്കാൻമട വഴി പോത്തുണ്ടിയിലും പിന്നീട് കോതശേരി മാട്ടായി തളിപ്പാടം, കരിമ്പാറ, ഒലിപ്പാറ കുളിക്കടവ് വഴി മംഗലംഡാമിലും തുടർന്ന് വക്കാല, അമ്പിട്ടൻതരിശ്, കൊന്നക്കൽകടവ്, കോരഞ്ചിറ, കണക്കൻതുരുത്തി, വാൽക്കുളമ്പ് വഴി പന്തലാംപാടം ദേശീയപാതയിലെത്തിക്കാനാണ് പ്രാഥമിക പരിശോധന നടത്തിയത്.

ഇതുമാറ്റിയാണ് അഞ്ചാം റീച്ച് മംഗലം ഗോവിന്ദാപുരം സംസ്ഥാന പാതയിൽ കുമ്പളക്കോട് നിന്നും വിത്തനശേരി, നെന്മാറ, ചിറ്റിലഞ്ചേരി, വഴി വടക്കഞ്ചേരി തങ്കം ജംഗ്ഷനിൽ എത്തിക്കുന്ന രീതിയിൽ നിർമാണം നടത്താനാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

എന്നാൽ മംഗലംഗോവിന്ദാപുരം സംസ്ഥാനപാത ശബരിമല തീർഥാടന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുമെന്ന് നിയമസഭയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി റിയാസ്, കെ. ബാബു എംഎൽഎക്ക് കഴിഞ്ഞദിവസം മറുപടി നൽകിയിരുന്നു.

എലവഞ്ചേരിയിൽ നിന്നും കുമ്പളക്കോട് ഭാഗത്തേക്ക് പോകാതെ പോത്തുണ്ടി റോഡിലേക്ക് ബന്ധിപ്പിച്ചാൽ നെല്ലിയാമ്പതി റോഡിലേക്കും പോത്തുണ്ടിയിൽ നിന്നും മംഗലം ഡാം ടൂറിസ്റ്റ് സർക്യൂട്ട് റോഡിനും ഗ്രാമീണ വിനോദസഞ്ചാര മേഖലയ്ക്കും വൻ നേട്ടം ആകുമെന്ന് കണക്കുകൂട്ടുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കക്കാട്ടാറ് വറ്റിവരണ്ടു, ചെറുകിട പദ്ധതികളിൽ വൈദ്യുതി ഉത്പാദനം നാമമാത്രം

**പത്തനംതിട്ട:** സംസ്ഥാനത്തെ രണ്ടാമത്തെ ജലവൈദ്യുത പദ്ധതിയായ ശബരിഗിരി പദ്ധതിയിൽ ഉത്പാദനം കുറച്ചതിനു പിന്നാലെ കക്കാട്ടാറും വറ്റി വരണ്ടു. ശബരിഗിരി പദ്ധതിയിൽ വൈദ്യുതി ഉത്പാദനത്തിനു ശേഷം പുറന്തള്ളുന്ന ജലമാണ് കക്കാട്ടാറിലെ ജല സമ്പത്തിൻറെ 60 ശതമാനവും. 360 മെഗാവാട്ട് ശേഷിയുണ്ടെങ്കിലും ഉത്പാദനം പകുതി കുറഞ്ഞതിനാൽ പുറന്തള്ളുന്ന ജലവും കുറവാണ്. അതിനാൽ കക്കാട്ടാറിലേക്ക് അധികം ജലം എത്താറില്ല.

ശബരിഗിരിയുടെ ടെയിൽ റെയ്സ് പദ്ധതിയാണ് കക്കാട് പദ്ധതി (50 മെഗാവാട്ട്). കക്കാട്ടാറിൽ ജല നിരപ്പ് കുറഞ്ഞതും ശബരിഗിരിയിൽ നിന്നും പിന്തള്ളുന്ന ജലത്തിന് കുറവ് സംഭവിച്ചതും മൂഴിയാറിലെ കക്കാട് പദ്ധതിയുടെ ജലസംഭരണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഒരു ജനറേറ്റർ മാത്രം പ്രവർത്തിക്കുന്നതിനാൽ ഉത്പാദന ശേഷി 25 മെഗാവാട്ടായി കുറഞ്ഞു. പക്ഷേ ഏതാനും മണികൂറുകൾ മാത്രമാണ് ഇതും പ്രവർത്തിക്കുന്നത്, ഇതോടെ യഥാർഥ ഉത്പാദനം പ്രതിദിനം ശരാശരി 10 മെഗാവാട്ട് മാത്രം.

സീതത്തോട് കക്കാട് പൗവർ ഹൗസിൽ ഉത്പാദനം കുറഞ്ഞതിനാൽ കുറച്ചു ജലം മാത്രമേ കക്കാട്ടാറിലേക്ക് ഒഴുക്കി വിടുന്നുള്ളൂ. കക്കാട്ടാറ്റിലെയും പമ്പയിലെയും ചെറുകിട ജല വൈദ്യുത പദ്ധതികളെ ഇതു കാര്യമായി ബാധിക്കുന്നു.

ഏഴ് മെഗാവാട്ട് ശേഷിയുള്ള സ്വകാര്യ വൈദ്യുതി നിലയമായ അള്ളുങ്കലിൽ ഉത്പാദനം വൈകുന്നേരങ്ങളിൽ മാത്രമാക്കി കുറച്ചു. മിനി ഡാമിൽ ജലം തടഞ്ഞു നിർത്തിയിരിക്കുന്നതിനാൽ താഴെയുള്ള കാരിക്കയം ( 15 മെഗാവാട്ട് ) പദ്ധതിയുടെ ജലസംഭരണിയും ശോഷിച്ച അവസ്ഥയിലാണ്. ഇവിടെയും പൂർണ തോതിൽ വൈദ്യുതി ഉത്പാദനമില്ല.

കാർഷിക മേഖലയിലെ ജലക്ഷാമം പരിഹരിക്കാൻ മണിയാർ അണക്കെട്ടിലെ വെള്ളം ഇത്തവണ നേരത്തേ തുറന്നുവിട്ടിരുന്നു. പമ്പാനദി വറ്റിയത് അപ്പർകുട്ടനാട്ടിലെ കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചതിനെ തുടർന്ന് ഡാമുകളിലെ വെള്ളം തുറന്നു വിടുകയായിരുന്നു. വേമ്പനാട്ട് കായലിൽ നിന്ന് വെള്ളം അടിത്തട്ട് താഴ്ന്ന പമ്പയിലേക്ക് കയറിയതിനേ തുടർന്ന് ഉപ്പുരസം പടർന്നു. ഇത് നെൽകൃഷിയെ നശിപ്പിക്കുമെന്ന് കണ്ട് ഡാമുകളിലെ വെള്ളം പമ്പയിലേക്ക് ഒഴുക്കിവിട്ട് ജലനിരപ്പ് ഉയർത്തി പ്രതിസന്ധി പരിഹരിക്കുകയായിരുന്നു.

മണിയാർ ജലസംഭരണിയിലെ വെള്ളം ഉപയോഗിച്ച് പ്രവര!ത്തിക്കുന്ന കാർബോറാണ്ടം യൂണിവേഴസൽ (7.5 മെഗാവാട്ട് ) എന്ന സ്വകാര്യ വൈദ്യുതി നിലയത്തിലും വൈകുന്നേരം മാത്രമായി ഉത്പാദനം കുറച്ചു.താഴേക്കുള്ള ജലപ്രവാഹം വീണ്ടും കുറഞ്ഞതിനാൽ നാല് മെഗാവാട്ട് മാത്രം ശേഷിയുള്ള കെഎസ്ഇബി യുടെ പെരുന്നാട് വൈദ്യുതി നിലയവും പൂർണ തോതിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.

കേരളത്തിന് ആവശ്യമായതിൽ അധികം വൈദ്യുതിയും കേന്ദ്രഗ്രിഡിൽ നിന്നും വാങ്ങുന്നതിനാലാണ് കേരളം ഇനിയും വൈദ്യുതി പ്രതിസന്ധി ഇല്ലാതെ കടന്നു പോകുന്നത്. വലിയ ഡാമുകളിലെ ജലനിരപ്പ് സംരക്ഷിച്ചു നിർത്തി പുറത്തു നിന്നുള്ള വൈദ്യുതി അമിത വില നൽകി വാങ്ങുന്നത് നഷ്ടം വരുത്തിവയ്ക്കുമെന്ന വാദവും ഉയരുന്നുണ്ട്.

# വന്യമൃഗങ്ങൾക്ക് ദാഹമകറ്റാൻ വനത്തിനുള്ളിൽ പടുതാക്കുളം

**അടിമാലി:** വേനൽ കനത്തതോടെ വനത്തിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കി വന്യമൃഗങ്ങളുടെ കാടിറക്കം തടയാൻ വനപാലകരുടെ ശ്രമം.

നേര്യമംഗലം ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ വനപാലകരാണ് വനത്തിനുള്ളിൽ പടുതാക്കുളം നിർമിച്ച് വെള്ളം സംഭരിച്ച് വന്യമൃഗങ്ങൾക്കു കുടിക്കാൻ കൊടുക്കുന്നത്.

മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ നേര്യമംഗലം റേഞ്ചിന് കീഴിൽ വരുന്നതാണ് ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ. പടുതാക്കുളത്തിൽനിന്നു വെള്ളം കുടിക്കാൻ വന്യമൃഗങ്ങൾ എത്തുന്നുണ്ടെന്നും വന്യ മൃഗങ്ങളുടെ കാടിറക്കം കുറഞ്ഞിട്ടുണ്ടെന്നുമാണ് വനപാലകർ അവകാശപ്പെടുന്നത്. പെരിയാറ്റിലെത്തിയാൽ മാത്രമേ വേനൽക്കാലത്ത് മൃഗങ്ങൾക്ക് കുടിവെള്ളം ലഭിക്കുമായിരുന്നുള്ളു.

ജനവാസമേഖല കടന്ന് വേണം മൃഗങ്ങൾക്ക് ഇവിടേക്കെത്താൻ. മനുഷ്യവന്യജീവി സംഘർഷം കുറയ്ക്കാൻ പ്രദേശത്ത് വൈദ്യുതി ഫെൻസിംഗ് തീർക്കുക കൂടി ചെയ്തതോടെ കുടിവെള്ളം കിട്ടാതെ മൃഗങ്ങൾ പ്രതിസന്ധിയിലായിരുന്നെന്നു പറയുന്നു.



ഇതോടെയാണ് ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ വനപാലകർ ചേർന്ന് വനത്തിനുള്ളിൽ തന്നെ മൃഗങ്ങൾക്ക് കുടിവെള്ളമൊരുക്കുന്നത്. ആറു മീറ്റർ നീളത്തിൽ അഞ്ചു മീറ്റർ വീതിയിൽ ഒരു മീറ്റർ ആഴത്തിൽ വനം വകുപ്പ് വനത്തിനുള്ളിൽ പടുതാക്കുളം നിർമിച്ച് ജലം സംഭരിച്ചു. 50000 ലിറ്റർ വെള്ളം ഈ താത്കാലിക കുളത്തിൽ സംഭരിക്കാം.

വെള്ളം തീരുന്ന മുറയ്ക്ക് കുളം നിറച്ച് നൽകും. ശ്രമം വിജയം കണ്ടതോടെ സ്റ്റേഷൻ പരിധിയിലെ മറ്റിടങ്ങളിലും മൃഗങ്ങൾക്ക് വെള്ളമെത്തിക്കാനുള്ള ആലോചനയിലാണ് വനപാലകർ.

# മത്സ്യകൃഷിക്ക് തുടക്കമായി

**ആലപ്പുഴ:** ചെങ്ങന്നൂർ മുളക്കുഴ പഞ്ചായത്തിൽ എംബാങ്കുമെന്റ് മത്സ്യകൃഷി പദ്ധതിക്ക് തുടക്കമായി. പത്താം വാർഡിലെ ചാങ്ങപ്പാടം ചാലിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ മത്സ്യകൃഷി പദ്ധതി ഉദ്ഘാടനം ചെയ്തു. ജലനിധി മത്സ്യകർഷക ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള സ്വയംസഹായ സംഘം വഴി ഒരു ഹെക്ടർ സ്ഥലത്ത് 1000 കരിമീൻ കുഞ്ഞുങ്ങളെയും 9000 വരാൽ കുഞ്ഞുങ്ങളെയുമാണ് നിക്ഷേപിച്ചത്.

പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക തടയണകൾ തയ്യാറാക്കി തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിയാണ് എംബാങ്കുമെന്റ്. ഹെക്ടറിന് 15 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. 60 ശതമാനം തുക ഫിഷറീസ് വകുപ്പ് സബ്സിഡിയായി നൽകും. ബാക്കി ഗുണഭോക്തൃ വിഹിതമാണ്. കൃത്യമായ ശാസ്ത്രീയ പരിപാലനത്തിലൂടെ നാലു മുതൽ ആറു മാസക്കാലം കൊണ്ട് 300 മുതൽ 400 ഗ്രാം വരെയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിളവെടുക്കാം.

ജനകീയ മത്സ്യകൃഷി, പിഎംഎംഎസ് വൈ പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് ചെങ്ങന്നൂർ മണ്ഡലത്തിൽ നടത്തിവരുന്നു. കൂട് മത്സ്യകൃഷി, മത്സ്യവിത്തുല്പാദന യൂണിറ്റുകൾ, വളപ്പ് മത്സ്യകൃഷി, അലങ്കാരമത്സ്യകൃഷി, ബയോഫ്ലോക്ക് തുടങ്ങിയ പദ്ധതികൾ ഇവയിൽ ഉൾപ്പെടുന്നു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഒന്നരക്കോടിയിലധികം രൂപയുടെ പദ്ധതികൾ മത്സ്യകൃഷിക്കായി നടപ്പിലാക്കി. എംബാങ്കുമെന്റ് പദ്ധതിക്ക് ഈ വർഷം 3.24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 40 ഹെക്ടർ ജലാശയത്തിൽ മത്സ്യകൃഷി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ചടങ്ങിൽ മുളക്കുഴ പഞ്ചായത്ത് പ്രസിഡന്റ് കെ കെ സദാനന്ദൻ അധ്യക്ഷനായി. വെൺമണി പഞ്ചായത്ത് പ്രസിഡന്റ് ടി സി സുനിമോൾ, വൈസ് പ്രസിഡന്റ് പി ആർ രമേശ് കുമാർ, യുവജനക്ഷേമ ബോർഡ് ജില്ലാ കോഓർഡിനേറ്റർ ജെയിംസ് ശമുവേൽ, ബ്ലോക്ക് പഞ്ചായത്തംഗം ജെബിൻ പി വർഗീസ്, എൻ പത്മാകരൻ, സുഷമ സുതൻ, കെ എസ് ഗോപിനാഥൻ തുടങ്ങിയവർ പങ്കെടുത്തു.

# മാർഗ്ഗദീപം സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** 202425 സാമ്പത്തിക വർഷത്തെ മാർഗ്ഗ ദീപം സ്കോളർഷിപ്പിന് ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. എല്ലാ വിഭാഗം മുസ്ലീം, ക്രിസ്ത്യൻ വിദ്യാർഥികൾക്കും കൂടാതെ സിഖ്, ബുദ്ധ, ജൈന, പാഴ്സി മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്കും ജനസംഖ്യാനുപാതികമായാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. അപേക്ഷ ഓൺലൈനായി പോർട്ടലിൽ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 9 ന് വൈകിട്ട് 5 മണി വരെ.

അപേക്ഷകർ കേരളത്തിൽ സ്ഥിര താമസക്കാരായ വിദ്യാർഥികളായിരിക്കണം. 1500 രൂപയാണ് സ്കോളർഷിപ് തുകയായി അനുവദിക്കുന്നത്. കുടുംബവാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണെന്ന് ന്യൂനപക്ഷക്ഷേമ വകുപ്പ് അറിയിച്ചു.

വെബ്സൈറ്റിൽ (https://margadeepam.kerala.gov.in) ലഭ്യമാകുന്ന അപേക്ഷ ഫോം സ്ഥാപനമേധാവി വിദ്യാർഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. വിദ്യാർഥികളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ മാർഗ്ഗദീപം പോർട്ടലിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും സ്ഥാപന മേധാവിയുടെ ചുമതലയാണെന്ന് ന്യൂനപക്ഷക്ഷേമ വകുപ്പ് അറിയിച്ചു. അതോടൊപ്പം വിദ്യാർഥികളിൽ നിന്നും മതിയായ എല്ലാ രേഖകളും (വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, റേഷന് കാർഡിന്റെ പകർപ്പ്, ആധാറിന്റെ കോപ്പി), ബാധകമെങ്കിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് (40% നവും അതിനുമുകളിലും വൈകല്യമുള്ള വിഭാഗം), പാഠ്യേതര പ്രവർത്തനങ്ങൾ സംബന്ധിച്ച (സ്പോർട്സ് /കല /ശാസ്ത്രം /ഗണിതം) സർട്ടിഫിക്കറ്റ്, അച്ഛനോ/അമ്മയോ/രണ്ടുപേരും മരണപ്പെട്ടിട്ടുണ്ടെങ്കിൽ മരണ സർട്ടിഫിക്കറ്റ്) എന്നിവ കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്തി സ്ഥാപനത്തിൽ സൂക്ഷിക്കുകയും ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണെന്ന് ന്യൂനപക്ഷക്ഷേമ വകുപ്പ് അറിയിച്ചു.

# റവന്യു ഇ സാക്ഷരത പ്രവർത്തനങ്ങൾ നടപ്പാക്കും: മന്ത്രി കെ. രാജൻ

**കുന്നന്താനം:** റവന്യു ഇസേവനം സാധാരണക്കാർക്ക് പ്രാപ്തമാക്കുന്നതിന് ഇ സാക്ഷരത പ്രവർത്തനങ്ങൾ നടപ്പാക്കുമെന്ന് മന്ത്രി കെ. രാജൻ. 44 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച കുന്നന്താനം സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വീട്ടിൽ ഒരാൾക്കെങ്കിലും സ്വന്തം മൊബൈലിൽ റവന്യു സേവനം നേടാൻ കഴിയുന്നതിനുള്ള പ്രവർത്തനങ്ങൾ ഇസാക്ഷരതയിലൂടെ നടപ്പാക്കും. ‘എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്’ എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന റവന്യൂ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനാണ് ഓഫീസുകളെ ഓൺലൈനാക്കിയത്.ഇസാക്ഷരതയിലൂടെ ഓൺലൈൻ സേവനങ്ങൾ പരിചിതമാക്കുകയാണ് ലക്ഷ്യം. തിരുവല്ല മല്ലപ്പള്ളി റോഡ് നിർമാണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എംഎൽഎ, ജില്ലാ കളക്ടർ, ലാൻഡ് അക്വിസിഷൻ ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം അടുത്ത മാസം ചേരുമെന്നും മന്ത്രി പറഞ്ഞു.



# എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി എടിസി കുഞ്ഞുമോൻ, സെക്രട്ടറി വി.എ ദേവാനന്ദ് , സജീവ് എസ് നായർ ട്രഷററർ, വൈസ് പ്രസിഡന്റ് വിപിൻ നാരായണൻ നായർ, റീനി തരകൻ, ജോയിൻ സെക്രട്ടറി മേരി ബീന, സ്പോർട്ട് കൗൺസിൽ റെപ്രസെന്റ്റീവ് മേരി ജോർജ് തോട്ടം, എക്സിക്യൂട്ടീവ് അംഗങ്ങൾ ജസ്നിയ പി പി, പ്രശാന്ത് ബി എ, പി എം അബൂബക്കർ, ടോണി സെബാസ്റ്റ്യൻ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്. ജിംനാസ്റ്റിക് അസോസിയേഷൻ കേരള ജനറൽ സെക്രട്ടറി ജിത്തു വി എസ്, സ്പോർട്സ് കൗൺസിൽ ഒബ്സർവർ മുരുകൻ, ഒളിമ്പിക് അസോസിയേഷൻ ഒബ്സർ എസ് രാമചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു. കേരള ഒളിമ്പിക് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് മോഹൻദാസ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അനുമോദിച്ചു.



**കലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിൽ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ചു ക്ഷേത്രം തന്ത്രി പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമികത്വത്തിൽ നന്ദി ഭഗവാന് കളഭാഭിഷേകം നടത്തുന്നു.**

# പാവക്കുളം മഹാദേവക്ഷേത്രത്തിൽ ശിവരാത്രി മഹോത്സവം ആഘോഷിച്ചു

**കൊച്ചി:** കലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിലെ മഹാശിവരാത്രി മഹോത്സവത്തോടനുബന്ധിച്ചു രാവിലെ മഹാഗണപതി ഹോമത്തിനൊപ്പം രുദ്രാഭിഷേകങ്ങൾ, അഖണ്ഡപഞ്ചാക്ഷരീ മന്ത്രജപം, പാലഭിഷേകം,കരിക്കഭിഷേകം, 1001 കുടം ധാര എന്നിവ നടന്നു. ക്ഷേത്രം തന്ത്രി പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിൻറെ കാർമികത്വത്തിൽ നന്ദി ഭഗവാൻ, മഹാദേവൻ തുടർന്ന് പാർവതി ദേവിക്കും കളഭാഭിഷേകം നടന്നുപ്പോൾ ഓം നമഃശിവായ മന്ത്രോച്ചാരണം ഉരുവിട്ട് ഭക്തർ. ഉച്ചയ്ക്ക് നടന്ന പ്രസാദ ഊട്ടിന് അനേകം ഭക്തർ പങ്കെടുത്തു. ശിവരാത്രി പ്രമാണിച്ച് സദ്ഗുരുവിന്റെ ഈശാ ആദിയോഗി സന്നിധിയിൽ നിന്നുള്ള പരിപാടികളുടെയും ധ്യാനജപങ്ങളുടെയും തൽസമയ സംപ്രേക്ഷണത്തോടൊപ്പം ഊർജവൽക്കരിച്ച രുദ്രാക്ഷം ഭക്തർക്ക് പ്രസാദമായി വിതരണം ചെയ്തു. വൈകീട്ട് വിശേഷാൽ ദീപാരാധനക്ക് ശേഷം ഏകാദശ രുദ്രാഭിഷേകവും,108 ലിറ്റർ പാലാഭിഷേകവും, 1001 കുടം ധാര, 5001 കുടം ധാര, തുടർന്ന് ഏകാദശദ്രവ്യ രുദ്രാഭിഷേകം രാത്രി 12 ന് ഭസ്മാഭിഷേകം എന്നിവയും നടന്നു.രാവിലെ മുതൽ ഗൗരീശങ്കര നാരായണീയസമിതിയുടെ ആഭിമുഖ്യത്തിൽ അഖണ്ഡ പഞ്ചാക്ഷരി ജപം നടന്നു. ചടങ്ങുകൾക്ക്പാവക്കുളം ക്ഷേത്രസമിതി നേതൃത്വം കൊടുത്തു.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിലേക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നു. പ്ലസ്ടുവും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ യോഗ്യതയും സമാന തസ്തികയിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18 – 36. അപേക്ഷകൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം മാർച്ച് 15 തീയതിക്ക് മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി , നാലാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം 695001 എന്ന വിലാസത്തിൽ ലഭ്യമാക്കണം.



# തീരദേശ ഹൈവേ അമ്പലപ്പുഴയിലേക്ക്; ദേശീയപാത 66ൽ ചേരുന്ന രീതിയിൽ രൂപരേഖ മാറ്റുന്നു

**ആലപ്പുഴ:** തീരദേശ ഹൈവേ, അമ്പലപ്പുഴ കച്ചേരിമുക്കിൽ ദേശീയപാത 66ൽ ചേരുന്ന രീതിയിൽ രൂപരേഖ മാറ്റുന്നു. നിലവിൽ കച്ചേരിമുക്കിൽ നിന്ന് 700 മീറ്ററോളം തെക്കോട്ടു മാറി പായൽക്കുളങ്ങര ജംക്ഷനിലാണു തീരദേശ ഹൈവേയും ദേശീയപാതയും കൂടിച്ചേരുന്നത്. എന്നാൽ ഇവിടെ ദേശീയപാതയിൽ അടിപ്പാത അനുവദിച്ചിട്ടില്ല. പ്രധാന റോഡുമായി ചേരുന്ന ജംക്ഷനായതിനാൽ അടിപ്പാത നിർമിക്കണമെന്ന ആവശ്യവുമായി ജനകീയ സമരം നടക്കുന്നതിനിടയിലാണു തീരദേശ ഹൈവേയുടെ രൂപരേഖ മാറ്റുന്നത്. പായൽക്കുളങ്ങരയിൽ റോഡുനിർമാണ സ്ഥലത്തു കുടിൽ കെട്ടി സമരം നടക്കുകയാണെങ്കിലും അടിപ്പാതയെന്ന ആവശ്യത്തോടു ദേശീയപാത അതോറിറ്റി അനുകൂലമായ നിലപാട് എടുത്തിട്ടില്ല. കച്ചേരിമുക്കിൽ അടിപ്പാതയുള്ളതിനാൽ തീരദേശ ഹൈവേയിലൂടെ വരുന്ന വാഹനങ്ങൾക്കു സുഗമമായി ദേശീയപാതയിൽ പ്രവേശിക്കാനാകും എന്നാണു വിലയിരുത്തൽ.

തീരദേശ ഹൈവേ വികസനത്തിന്റെ ഭാഗമായി ആലപ്പുഴ ചെല്ലാനം റീച്ചിൽ സാമൂഹികാഘാത പഠനം പൂർത്തിയായതോടെ വിദഗ്ധ സമിതി ചേർന്നു റിപ്പോർട്ട് പരിശോധിക്കും. റിപ്പോർട്ടിനു കലക്ടറുടെ നേതൃത്വത്തിലുള്ള സമിതി അംഗീകാരം നൽകുന്നതോടെ പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കും. തുടർന്നാകും ഭൂമിയേറ്റെടുക്കൽ നടപടികളിലേക്കു കടക്കുക.

തുമ്പോളി വികസനം ജംക്ഷൻ മുതൽ സൗത്ത് ചെല്ലാനം വരെയുള്ള ഭാഗത്തു തീരദേശ ഹൈവേക്കു സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ടു പ്രദേശവാസികളുടെ ഹിയറിങ് ജനുവരി 27, 28 തീയതികളിൽ നടത്തിയിരുന്നു. ഇതിനെ തുടർന്നാണു വിദഗ്ധ സമിതി രൂപീകരിക്കുന്നത്.ജില്ലയിൽ ആകെ 55 ഹെക്ടറോളം ഭൂമിയാണു റോഡിനായി വേണ്ടി വരുന്നത്. നിലവിലെ റോഡും സർക്കാർ പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെയാണിത്.

കാർത്തികപ്പള്ളി താലൂക്കിലെ വലിയഴീക്കൽ മുതൽ തൃക്കുന്നപ്പുഴ മതുക്കൽ വരെയുള്ള ഭാഗത്തെ സാമൂഹികാഘാത പഠനത്തിനു നിയോഗിക്കപ്പെട്ട പുതിയ ഏജൻസി പഠനം ആരംഭിച്ചു. തൃക്കുന്നപ്പുഴ മതുക്കൽ മുതൽ തുമ്പോളി വികസനം വരെയുള്ള ഭാഗത്തെ സാമൂഹികാഘാത പഠനം നടത്താൻ സർക്കാർ ഉത്തരവായിട്ടില്ല. ഇവിടെ നിർദിഷ്ട പാതയുടെ രൂപരേഖ അന്തിമമാകാത്തതാണു കാരണം.

# ചേർത്തല മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ തീരദേശ റോഡുകൾ നാടിന് സമർപ്പിച്ചു

**ആലപ്പുഴ:** തീരദേശ റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ 28 റോഡുകൾ ആദ്യഘട്ടത്തിൽ പൂർത്തിയാക്കാനായതായി ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ചേർത്തല മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ തീരദേശ റോഡുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരം ഒമ്പത്, കൊല്ലം 15, ആലപ്പുഴ 28, കോട്ടയം രണ്ട്, എറണാകുളം ആറ് , തൃശൂർ പത്ത് , പാലക്കാട് ഒന്ന് , കോഴിക്കോട് നാല് , മലപ്പുറം ആറ്, കണ്ണൂർ പത്ത്, കാസർഗോഡ് രണ്ട് എന്നിങ്ങനെയാണ് നിലവിൽ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്ന റോഡുകൾ. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് 67 മണ്ഡലങ്ങളിലായി 1792 റോഡുകൾക്ക് 783 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിൽ 90 ശതമാനം റോഡുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ കഴിഞ്ഞു. രണ്ടാം സർക്കാരിന്റെ കാലത്ത് 1631 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 32 പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. അതോടൊപ്പം 77 നിയോജകമണ്ഡലങ്ങളിലായി 624 റോഡുകൾ ഏറ്റെടുക്കുകയും 348 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി ഒന്നാംഘട്ടം പൂർത്തീകരിച്ച 93 തീരദേശ റോഡുകളുടെ ഉദ്ഘാടനമാണ് നടന്നുവരുന്നത്. മുഴുവൻ റോഡുകളും സമയബന്ധിതമായി പൂർത്തീകരിച്ച് ഉടനെ നാടിന് സമർപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, മുഹമ്മ പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു, വയലാർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം ജി ഗോപിനാഥൻ നായർ, മുഹമ്മ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ ടി റെജി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തംഗം എസ് വി ബാബു, വയലാർ പഞ്ചായത്തംഗം ബീന തങ്കരാജ്, ഹാർബർ എൻജിനീയറിങ് ഡിവിഷൻ ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി എസ് സ്വപ്ന, ഹാർബർ എഞ്ചിനീയറിങ് സബ്ഡിവിഷൻ അർത്തുങ്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എം പി സുനിൽ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

2024-25 വർഷത്തിൽ ചേർത്തല നിയോജക മണ്ഡലത്തിൽ 96.50 ലക്ഷം രൂപ മുതൽമുടക്കി നിർമ്മാണം പൂർത്തീകരിച്ച കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് നാല്, അഞ്ച്, 11, 13 വാർഡുകളിലെ വട്ടക്കര കുഞ്ഞിത്തൈ തൈക്കൽ റോഡ്, 49 ലക്ഷം രൂപ വിനിയോഗിച്ച് നിർമിച്ച തണ്ണീർമുക്കം പഞ്ചായത്ത് 10ാം വാർഡിലെ മൂർത്തിക്കാവ് തകിടിവെളി റോഡ്, 30 ലക്ഷം വിനിയോഗിച്ച് നിർമിച്ച തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് വാർഡ് 21ലെ കാക്കനാട് ക്ഷേത്രം പാണാട്ട് കുരിശ്ശടി റോഡ്, 67.6 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് മൂന്നിലും വയലാർ പഞ്ചായത്ത് വാർഡ് ഒന്നിലും ഉൾപ്പെട്ടള്ള പത്മാക്ഷിക്കവലകാവിൽപ്പള്ളി റോഡ്, 61 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വയലാർ ഗ്രാമപഞ്ചായത്ത് വാർഡ് 15ലെ കൊടിയനാട്ട് പാട്ടച്ചിറ റോഡ്, മുഹമ്മ ഗ്രാമപഞ്ചായത്ത് അറ്, ഏഴ്, 14 വാർഡുകളിലായി 50 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ഡീപ്പോക്കടവ് പോളക്കാടൻ ജംഗ്ഷൻ റോഡ്, 31.2 ലക്ഷം മുതൽമുടക്കി നിർമിച്ച മുഹമ്മ ഗ്രാമപഞ്ചായത്ത് വാർഡ് 15ലെ തടത്തുവെളി കാട്ടുകട ഹരിജൻ നഗർ എന്നീ റോഡുകളുടെ ഉദ്ഘാടനമാണ് നടന്നത്.

# ബിമ എഎസ്ബിഎ സൗകര്യവുമായി ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ലൈഫ്, ബ്ലോക്ക്ഡ് എമൗണ്ട് സൗകര്യത്തിലൂടെയുള്ള ബിമ (ബിമഎഎസ്ബിഎ) സംവിധാനവുമായി പ്രവർത്തനം ആരംഭിക്കുന്ന ആദ്യ ഇൻഷുറൻസ് കമ്പനിയായി മാറി. പ്രവർത്തനം എളുപ്പമാക്കുക, പോളിസി ഉടമകൾക്ക് കൂടുതൽ സൗകര്യങ്ങളും സുതാര്യതയും ഉറപ്പാക്കുക, ഇൻഷുറൻസ് പ്രീമിയം പേയ്മെൻറ് പ്രക്രിയ ലളിതമാക്കുക എന്നിവ ലക്ഷ്യമിട്ടുള്ള ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഐആർഡിഎഐ) നീക്കങ്ങളുമായി ഒത്തുപോകുന്നതാണ് പുതിയ സൗകര്യം.

പ്രീമിയം അടയ്ക്കുന്നത് കൂടുതൽ സുഗമവും ഉപഭോക്തൃ സൗഹൃദമാക്കുന്നതിൽ ബിമഎഎസ്ബിഎ ഒരു സുപ്രധാന മുന്നേറ്റമാണ്. ഈ ഐആർഡിഎഐ സംവിധാനത്തിന് കീഴിൽ പോളിസി ഉടമകൾക്ക് യുപിഐയുടെ ഒറ്റത്തവണ മാൻഡേറ്റ് (ഒടിഎം) തിരഞ്ഞെടുക്കാനും യുപിഐ വഴി അവരുടെ ബാങ്ക് അക്കൗണ്ടിൽ ഒരു നിശ്ചിത തുക (രണ്ട് ലക്ഷം രൂപ വരെ) ബ്ലോക്ക് ചെയ്യാനും സാധിക്കും. ഇൻഷുറൻസ് കമ്പനി അണ്ടർറൈറ്റിംഗ് പ്രക്രിയ പൂർത്തിയാക്കി പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചാൽ മാത്രമേ ഈ തുക അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുകയുള്ളു.

14 ദിവസത്തിനുള്ളിൽ അപേക്ഷ പ്രോസസ്സ് ചെയ്തില്ലെങ്കിലോ നിർദ്ദേശം സ്വീകരിക്കാതിരിക്കുകയോ ആയാൽ ബ്ലോക്ക് ചെയ്ത തുക ഉപഭോക്താവിന് തിരികെ നൽകും. പോളിസി ഇഷ്യൂ ചെയ്യുന്നത് സ്ഥിരീകരിക്കുന്നതുവരെ പോളിസി വാങ്ങുന്നയാളുടെ പണം അവരുടെ ബാങ്ക് അക്കൗണ്ടിൽ ആയിരിക്കുകയും അതിന് പലിശ ലഭിക്കുകയും ചെയ്യും. ബജാജ് അലയൻസ് ലൈഫിൻറെ പേയ്മെൻറ് പങ്കാളികളുമായി ചേർന്ന് ഈ പദ്ധതിക്ക് ഇതിനകം തുടക്കമിട്ടു.

2047ഓടെ എല്ലാവർക്കും ഇൻഷുറൻസ്' എന്ന ലക്ഷ്യത്തോടെ ഉപഭോക്താക്കളുടെ സൗകര്യത്തിനായി സുതാര്യത, വിശ്വാസം, ഡിജിറ്റലൈസേഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഐആർഡിഎഐ നടപടികൾ സ്വീകരിച്ച് വരുന്നതായി ബജാജ് അലയൻസ് ലൈഫിൻറെ എംഡിയും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.

# നിഫ്റ്റി പ്രൈവറ്റ് ബാങ്ക് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് ഡിഎസ്പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** വിപണിയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന സ്വകാര്യ ബാങ്കുകളുടെ ഓഹരികളിൽ നിക്ഷേപിക്കാൻ അവസരമൊരുക്കി പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡിഎസ്പി മുച്വൽ ഫണ്ട്. നിഫ്റ്റി പ്രൈവറ്റ് ബാങ്ക് ഇൻഡക്സ് എന്ന പേരിൽ അവതരിപ്പിച്ച ഫണ്ടിൽ ഈ മാസം 28വരെ നിക്ഷേപം നടത്താം. ഫണ്ടിലൂടെ, രാജ്യത്തെ ഏറ്റവും വലിയ നാല് സ്വകാര്യ ബാങ്കുകളുടെ ഓഹരികളിൽ ഒരേസമയം നിക്ഷേപം നടത്താം. വളർച്ച കൈവരിക്കുന്ന രാജ്യത്തെ സ്വകാര്യ ബാങ്കിങ് മേഖലയുടെ സാധ്യതകൾ നിക്ഷേപകർക്കായി തുറന്നിടുകയാണ് ലക്ഷ്യമിടുന്നതെന്ന് ഡിഎസ്പി മുചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം തലവൻ അനിൽ ഗെലാനി പറഞ്ഞു. വിപണിമൂല്യം അധികമുള്ള വലിയ ബാങ്കുകളുടെ ഓഹരികൾ ആയതിനാൽ നിക്ഷേപകർക്ക് സുരക്ഷിതമായ വരുമാനം ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇന്ത്യൻ സമ്പദ് വ്യവസ്ഥ ശക്തമെന്ന് ലോക ബാങ്ക്

**ന്യൂഡൽഹി:** ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ ശക്തമായ വിശ്വാസം പ്രകടിപ്പിച്ചും രാജ്യത്ത് വന്ന് എല്ലാവരോടും നിക്ഷേപം നടത്താനും ആഹ്വാനം ചെയ്തും ലോക ബാങ്ക്.

വളർച്ചയിൽ താഴോട്ടുള്ള നേരിയ പ്രവണതയുണ്ടെങ്കിലും ഇന്ത്യയുടെ സാമ്പത്തിക സാധ്യതകളെക്കുറിച്ച് വായ്പ നൽകുന്നവരെന്ന നിലയിൽ ശുഭാപ്തിവിശ്വാസമുണ്ടെന്ന് അഡ്വാൻറേജ് അസം 2.0 ബിസിനസ് ഉച്ചകോടിയിൽ ലോക ബാങ്ക് കൺട്രി ഡയറക്ടർ അഗസ്റ്റെ ടാനോ കൗമേ പറഞ്ഞു.

ഇപ്പോൾ ഇന്ത്യയുടെ വളർച്ചയെക്കുറിച്ച് ഞങ്ങൾക്ക് ആശങ്കയില്ല. ഞങ്ങൾക്ക് ഇന്ത്യയെക്കുറിച്ച് വളരെ ശുഭപ്രതീക്ഷയാണ്, അത് അങ്ങനെതന്നെയായി തുടരും' അദ്ദേഹം കൂട്ടിച്ചേർത്തു.

സാമ്പത്തിക വളർച്ചയിൽ ഒരു ശതമാനത്തിൻറെ ഏറ്റക്കുറച്ചിലുകൾ ലോകബാങ്കിൻറെ പോസിറ്റീവ് വീക്ഷണത്തെ മാറ്റുന്നില്ലെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

# സ്വകാര്യവത്കരണം: പ്രചാരണം തെറ്റെന്ന് ഐഒബി

**കൊച്ചി:** ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ (ഐഒബി) സ്വകാര്യവത്കരണവും ഓഹരി വിറ്റഴിക്കലും നടക്കുന്നുവെന്നും ജീവനക്കാർക്കുമേൽ തൊഴിൽ സമ്മർദമുണ്ടാക്കുന്നുവെന്നുമുള്ള പ്രചാരണം അടിസ്ഥാനരഹിതമെന്ന് അധികൃതർ.

നിക്ഷിപ്ത താത്പര്യക്കാർ നടത്തുന്ന തെറ്റായ പ്രചാരണത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം. പ്രചാരണത്തിനെതിരേ ഉചിതമായ നിയമനടപടി സ്വീകരിക്കുമെന്നും ഐഒബി അധികൃതർ അറിയിച്ചു.

# ഡേറ്റാനെറ്റ് ഇന്ത്യയുടെ 25ാം വാർഷികത്തിൽ ഇന്ത്യാസ്റ്റാറ്റ്ക്വിസ്.കോം അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ സംസ്ഥാനങ്ങളും ജില്ലകളും നിയോജക മണ്ഡലങ്ങളും സംബന്ധിച്ച സാമ്പത്തികസാമൂഹിക സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്ന മുൻനിര കമ്പനിയായ ഡേറ്റാനെറ്റ് ഇന്ത്യ അതിൻറെ 25ാം വാർഷികത്തിൽ പ്രത്യേക ക്വിസ് മത്സരങ്ങളും ഒളിമ്പിയാഡുകളും സംഘടിപ്പിക്കുന്ന പ്ലാറ്റ്ഫോമായ ഇന്ത്യാസ്റ്റാറ്റ്ക്വിസ്.കോം അവതരിപ്പിച്ചു. ഇന്ത്യയുടെ സാമ്പത്തികസാമൂഹിക അവസ്ഥയെയും തെരഞ്ഞെടുപ്പ് ഘടനയെയും കുറിച്ചുള്ള പൊതുജനങ്ങളുടെ പങ്കാളിത്തവും അവബോധവും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

25 വർഷമായി ഡേറ്റാനെറ്റ് ഇന്ത്യയുടെ മുഖ്യ പോർട്ടലായ ഇന്ത്യാസ്റ്റാറ്റ്.കോം മുഖേന ആധികാരികവും ഉയർന്ന ഗുണനിലവാരമുള്ളതുമായ ഡേറ്റയ്ക്കുള്ള പ്രധാന ഉറവിടമായി വിശ്വാസ്യത നേടികൊണ്ടിരിക്കുകയാണ്. ഈ സുപ്രധാന ഘട്ടത്തിൽ സമൂഹത്തിന് അറിവ് നേടുന്നതിനും, വിമർശനാത്മകമായി ചിന്തിക്കാൻ പഠിക്കാനും, ദേശീയ വികസനത്തിൻറെ ഭാഗമാകുന്നതിനുമായി കമ്പനി ഇൻററാക്ടീവ് ക്വിസ് അധിഷ്ഠിത പഠനം അവതരിപ്പിക്കുന്നു.

ഇന്ത്യാസ്റ്റാറ്റ്ക്വിസ്.കോമിൻറെ അവതരണത്തിൻറെ ഭാഗമായി ഇന്ത്യൻ സാമ്പത്തികം: സാമ്പത്തിക സർവേ 2025 കേന്ദ്ര ബജറ്റ് 2025എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ ക്വിസ് സംഘടിപ്പിക്കുന്നു. ഇന്ത്യയിലെ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഈ മത്സരം ഇന്ത്യൻ സാമ്പത്തികത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനുള്ള മാർഗമായി വർത്തിക്കും. ക്വിസിൽ പങ്കെടുക്കുന്നതിന് ഫീസ് ഇല്ല. മറ്റു വ്യവസ്ഥകളും സമ്മാനങ്ങളും അറിയുന്നതിന് https://indianeconomy2025.indiastatquiz.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

ഡേറ്റാനെറ്റ് ഇന്ത്യ ഝാർഖണ്ഡ്, പഞ്ചാബ്, ഡൽഹി എന്നിവിടങ്ങളിലെ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് വോട്ടർമാരുടെ അവബോധവും ഗ്രാഹ്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്വിസ് സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യാസ്റ്റാറ്റ്ക്വിസ്.കോം അവതരിപ്പിക്കുന്നതിലൂടെ ഈ വിജയത്തെ ജനോപകാരപ്രദമായ മറ്റു മേഖലകളിൽ കൂടി വീണ്ടും അവതരിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

കഴിഞ്ഞ 25 വർഷം പഠനത്തിൻറെയും, വളർച്ചയുടെയും, കഠിനാദ്ധ്വാനത്തിൻറെയും യാത്രയായിരുന്നു. വെല്ലുവിളികൾ അതിജീവിച്ച് ഗവേഷകർക്ക്, നയരൂപീകരണക്കാർക്കും, വിദ്യാഭ്യാസ വിദഗ്ധർക്കും വിശ്വാസയോഗ്യമായ ഡേറ്റാ അപഗ്രഥനം ലഭ്യമാക്കുന്നത് നിരന്തരം തുടർന്നു വരുന്നുണ്ട്. ഇന്ത്യാസ്റ്റാറ്റ്ക്വിസ്.കോം വഴി ജനങ്ങളിലെ താൽപ്പര്യം ഉണർത്തുകയും, രാജ്യത്തിൻറെ സാമ്പത്തികസാമൂഹിക വസ്തുതകളെക്കുറിച്ച് ചർച്ച ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഡേറ്റാനെറ്റ് ഇന്ത്യയുടെ സഹസ്ഥാപകനും ഡയറക്ടറുമായ ഡോ. ആർ.കെ. തുക്രാൽ പറഞ്ഞു.




# ടാറ്റ അവിനിയ വരുന്നു

**മുംബൈ:** ടാറ്റ മോട്ടോഴ്സ് ഓൾഇലക്ട്രിക് എസ്‌യുവിയായ ടാറ്റ അവിനിയ പുറത്തിറക്കാൻ ഒരുങ്ങുന്നു. ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് (ടിപിഇഎംഎൽ) രൂപകൽപ്പന ചെയ്ത അഞ്ച് സീറ്റർ എസ്‌യുവിയുടെ വിവരങ്ങൾ കഴിഞ്ഞഏപ്രിലിലാണ് ആദ്യമായി പുറത്തുവിട്ടത്. ടാറ്റയുടെ ജനറൽ 3 ആർക്കിടെക്ചർ അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ മോഡലാണിത്.ടാറ്റ അവനിയയെ ടെസ്‌ലയുടെ മോഡൽ 3യുടെ എതിരാളിയായിട്ടാകും കരുതുന്നത്. ഇന്ത്യയിൽ 30 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയാണ് മോഡൽ 3ക്ക് പ്രതീക്ഷിക്കുന്നത്.

ഇന്ത്യൻ വിപണിൽ ടെസ്‌ലയിൽനിന്ന് താങ്ങാനാകുന്ന വിലയുള്ള കാറും ഇതാണ്. അവിനിയയ്ക്ക് ഏകദേശം 25 ലക്ഷം രൂപയാണ് കരുതുന്നത്. എന്നാൽ, വില വിവരം ഔദ്യോഗികമായി കമ്പനി പുറത്തുവിട്ടില്ല.

# ടെസ്‌ലയ്ക്കു യൂറോപ്പിൽ വില്പന കുറയുന്നു

**ന്യൂഡൽഹി:** പ്രമുഖ ഇലക്ട്രിക് കാർ നിർമാതാക്കളായ യുഎസ് കമ്പനി ടെസ്‌ലയ്ക്ക് വടക്കൻ അമേരിക്ക, യൂറോപ്പ്, ചൈന, ജപ്പാൻ എന്നിവിടങ്ങളിൽ വലിയ വിപണി ഉറപ്പിച്ചിട്ടുണ്ട്. യൂറോപ്പിൽ ടെസ്‌ല ഒരു ജനപ്രിയ ഇലക്ട്രിക് വാഹന കമ്പനിയാണ്. എന്നാൽ, അടുത്ത കാലത്തായി, ടെസ്‌ലയുടെ കാർ വിൽപ്പനയിൽ വലിയ ഇടിവാണുണ്ടായിരിക്കുന്നത്. നോർവേ, സ്വിറ്റ്സർലൻഡ്, ലിച്ചെൻസ്റ്റീൻ, ഐസ്‌ലൻഡ്, യുകെ, ഫ്രാൻസ്, ജർമനി എന്നിവിടങ്ങളിൽ വില്പന ഇടിഞ്ഞു.

2024 ജനുവരിയിലെ വിൽപ്പനയെ അപേക്ഷിച്ച് 2025 ജനുവരിയിൽ രജിസ്ട്രേഷൻ 45 ശതമാനം ഇടിഞ്ഞു. യൂറോപ്പിൽ വിശാലമായ വൈദ്യുത വാഹന വിപണി കുതിച്ചുയരുന്ന സമയത്താണ് ഈ ഇടിവ് സംഭവിക്കുന്നത്. ഇവി വിൽപ്പനയിൽ കഴിഞ്ഞ മാസം 37 ശതമാനം വളർച്ചയുണ്ടായി. ജർമനിയിലെയും യുകെയിലെയും കാർ നിർമാതാക്കളുടെ ശക്തമായ പ്രകടനമാണ് വൈദ്യുത വാഹന വിപണിയിൽ വളർച്ചയുണ്ടാക്കിയത്.

യൂറോപ്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻറെ കണക്കനുസരിച്ച് ഈ ജനുവരിയിൽ 9,945 കാറുകളുടെ രജിസ്ട്രേഷനേ നടന്നിട്ടുള്ളൂ. കഴിഞ്ഞ ജനുവരിയിൽ 18,161 കാറുകളുടെ രജിസ്ട്രേഷനാണ് നടത്തിയത്. ജർമനിയിലാണ് ടെസ്‌ല കൂടുതൽ വെല്ലുവിളി നേരിടുന്നത്. ഇവിടെ 1277 പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മാത്രമേ നടത്താനായുള്ളൂ. 2021 ജൂലൈക്കുശേഷമുള്ള കുറഞ്ഞ എണ്ണമാണിത്.ഫ്രാൻസിൽ വിൽപ്പന 63 ശതമാനം ഇടിഞ്ഞു. 2022 ഓഗസ്റ്റിനു ശേഷമുള്ള ടെസ്‌ലയുടെ ഏറ്റവും മോശം പ്രകടനമാണിത്.അതേസമയം, യുകെയിൽ, ഇവി വിൽപ്പന 42 ശതമാനം വർധിച്ചു. എന്നാൽ ടെസ്‌ലയുടെ വിൽപ്പന ഏകദേശം എട്ടു ശതമാനം ഇടിഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാരം: ഏകീകൃത മാനദണ്ഡങ്ങൾ അനിവാര്യം

**ബെംഗളൂരു:** ഇന്റർനാഷണൽ സ്പൈസ് കോൺഫറൻസ് 2025ന്റെ മൂന്നാം ദിവസം, നയ രൂപീകരണ സ്വാധീനം: വ്യവസായ സംഘടനകളുടെ നിർണായക പങ്ക്' എന്ന വിഷയത്തിൽ സുപ്രധാന ചർച്ചകൾ നടന്നു.

യൂറോപ്യൻ സ്പൈസ് അസോസിയേഷൻ പ്രസിഡന്റ് ബെനോയിറ്റ് വിൻസ്റ്റൽ; ആൾ ഇന്ത്യാ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ, ചൈന സ്പൈസ് അസോസിയേഷന്റെ പ്രസിഡന്റ് മൈക്ക് ലിയു; അമേരിക്കൻ സ്പൈസ് ട്രേഡ് അസോസിയേഷൻ പ്രസിഡന്റ് പീറ്റർ സയ്യ, എ. ഐ.എസ്. ഇ. എഫ് മാനേജിംഗ് കമ്മിറ്റി അംഗം ഡോ. ജീമോൻ കോര എന്നിവർ സെഷനിൽ സംസാരിച്ചു.

ആഗോള നിയന്ത്രണങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരിക്കുന്നതിന് വ്യവസായ അസോസിയേഷനുകൾക്കിടയിൽ കൂടുതൽ സഹകരണം ഉറപ്പുവരുത്തണം. കൂടാതെ, ആഗോള സുഗന്ധവ്യഞ്ജന വ്യാപാര നിയന്ത്രണങ്ങളുടെ സങ്കീർണ്ണതകൾ മറികടക്കാൻ ക്രോസ്‌ലേണിംഗ് അനിവാര്യമാണെന്ന് ഡോ. ജീമോൻ കോര പറഞ്ഞു. ഏകീകൃത ആഗോള മാനദണ്ഡങ്ങളുടെ അഭാവം നിലവിലുണ്ട്. വിവിധ രാജ്യങ്ങൾ കീടനാശിനികളുടെ അവശിഷ്ട പരിധികൾ, ഭക്ഷ്യ സുരക്ഷാ പ്രോട്ടോക്കോളുകൾ, ലേബലിംഗ് എന്നിവയിൽ വ്യത്യസ്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ഇത് കയറ്റുമതിക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

അന്താരാഷ്ട്ര വ്യാപാര പങ്കാളികളുമായി യോജിച്ച് ആഭ്യന്തര വിപണിയിൽ വ്യക്തമായ നിയന്ത്രണ മാനദണ്ഡങ്ങൾ സ്ഥാപിക്കാനുള്ള ചൈനയുടെ ശ്രമങ്ങളെക്കുറിച്ച് മൈക്ക് ലിയു വിശദീകരിച്ചു. സുഗന്ധവ്യഞ്ജന ഇറക്കുമതിയിലും ഗുണനിലവാര നിയന്ത്രണത്തിലും യുഎസ് നയത്തെ സ്വാധീനിക്കുന്നതിൽഅമേരിക്കൻ സ്പൈസ് ട്രേഡ് അസോസിയേഷന്റെ പങ്ക് പീറ്റർ സായ വിശദീകരിച്ചു. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ വ്യത്യസ്ത സമീപങ്ങൾ നിയന്ത്രണ വെല്ലുവിളികൾ ഉയർത്തുന്നുണ്ടെന്ന് ബെനോയിറ്റ് വിൻസ്റ്റൽ പറഞ്ഞു. 27 അംഗ രാജ്യങ്ങൾ പലപ്പോഴും നയങ്ങളെ വ്യത്യസ്തമായി വ്യാഖ്യാനിക്കുന്നു. സജീവമായ ഇടപെടൽ നടത്തിയെ ഇത് പരിഹരിക്കാൻ സാധിക്കൂ, അദ്ദേഹം പറഞ്ഞു.ഇന്ത്യയുടെ മൊത്തം സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ 80% ത്തെ പ്രതിനിധീകരിക്കുന്ന സംഘടനയാണ് എ. ഐ.എസ്. ഇ. എഫ്. സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാര വിലയിരുത്തലിൽ ഏകീകൃത സ്വഭാവം കൈവരിക്കുന്നതിന് രാജ്യത്തെ അഞ്ച് സ്റ്റാൻഡേർഡ് ടെസ്റ്റ് ലബോറട്ടറികൾക്ക് അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കാനുള്ള പ്രക്രിയയിലാണ് എ.ഐ.എസ്. ഇ..എഫ്. എന്ന് ഇമ്മാനുവൽ നമ്പുശ്ശേരിൽ പറഞ്ഞു. വ്യവസായത്തിന്റെ നട്ടെല്ലാണ് കർഷകരെന്ന് തിരിച്ചറിഞ്ഞ് ആഗോള മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി അവർക്ക് മികച്ച അവബോധവും പരിശീലനവും നൽകാനും പദ്ധതിയുണ്ട്. മായം ചേർക്കൽ, സുസ്ഥിരത, ഭക്ഷ്യസുരക്ഷ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്ന ആഗോള സർട്ടിഫിക്കേഷനും, സംവിധാനങ്ങളും നടപ്പിലാക്കാനുള്ള ചർച്ചകൾ സമ്മേളനതിൽ നടന്നു.ഉൽപ്പന്നങ്ങളുടെ ആധികാരികത ഉപഭോക്താക്കൾക്ക് ഉറപ്പാക്കാൻ ഇതു വഴി സാധിക്കും. എല്ലാ പ്രധാന ഇറക്കുമതി രാജ്യങ്ങളിലും പൊതുവായ മലിനീകരണ അളവുകളും അവശിഷ്ട പരിധികളും നിർവചിക്കുക, കർഷകർക്കും കയറ്റുമതിക്കാർക്കും മികച്ച കാർഷിക രീതികളെയും ഭക്ഷ്യസുരക്ഷയെയും കുറിച്ചുള്ള പാഠങ്ങൾ നൽകുക, ഉറവിടത്തിൽ തന്നെ ഉൽപ്പന്ന ഗുണനിലവാരം മെച്ചപ്പെടുത്തുക, വ്യവസായസർക്കാർ സഹകരണം ഉറപ്പ് വരുത്തുക, രാജ്യത്തുടനീളമുള്ള ലബോറട്ടറികളും വിശകലന രീതികളും സ്റ്റാൻഡേർഡൈസ് ചെയ്ത് ഗുണനിലവാര നിർണ്ണയം ഏകീകരിക്കുക തുടങ്ങിയ സുപ്രധാന ശുപാർശകൾ സമ്മേളനത്തിലുണ്ടായി.ലീല ഭാരതീയ സിറ്റിയിൽ ആൾ ഇന്ത്യാ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം ആതിഥേയത്വത്തിലാണ് സമ്മേളനം നടക്കുന്നത്.

# സ്കോർപിയോഎൻ കാർബൺ പതിപ്പ് പുറത്തിറക്കി മഹീന്ദ്ര



**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്.യു.വി നിർമ്മാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ബിഗ് ഡാഡി ഓഫ് എസ്.യു.വീസ്' എന്ന് വിശേഷണമുള്ള സ്കോർപിയോ എൻ മോഡലിന്റെ കാർബൺ പതിപ്പ് പുറത്തിറക്കി. സ്കോർപിയോ എൻ മോഡലിന്റെ വിൽപ്പന രണ്ട് ലക്ഷം കൈവരിച്ചതിന്റെ ഭാഗമായാണ് കമ്പനി പുതിയ വകഭേദം പുറത്തിറക്കിയത്.

പ്രത്യേകമായി നിർമ്മിച്ച ഇന്റീരിയറുകളോടെയാണ് കാർബൺ പതിപ്പ് എത്തുന്നത്. പ്രീമിയം ലെതറെറ്റ് സീറ്റുകളും കോൺട്രാസ്റ്റ് ഡെക്കോസ്റ്റിച്ചിംഗും ഉപയോഗിച്ച് ടോൺഓൺടോൺ ശൈലിയെ എടുത്തുകാണിക്കുന്നതാണ് സ്കോർപിയോഎൻ കാർബണിന്റെ ഇന്റീരിയറുകൾ. മെറ്റാലിക് ബ്ലാക്ക് തീമും കാർബൺ പതിപ്പിനെ വേറിട്ടതാക്കുന്നു. കറുപ്പ് നിറത്തിലെ അലോയ് വീലുകൾ, ഡാർക്ക് ഗാൽവാനോ ഫിനിഷിലുള്ള റൂഫ് റെയിലുകൾ, സ്മോക്ക്ഡ് ക്രോം ഫിനിഷിങ് തുടങ്ങിയവയും സ്കോർപിയോഎൻ കാർബണിന്റെ ഭംഗി കൂട്ടുന്നു.

ഇസഡ്8, ഇസഡ്8എൽ സെവൻസീറ്റർ വേരിയന്റുകളിൽ മാത്രമായിരിക്കും ഈ പ്രത്യേക പതിപ്പ് ലഭ്യമാവുക. 5 സ്റ്റാർ ഗ്ലോബൽ എൻസിഎപി റേറ്റിംഗ് ഉൾപ്പടെയുള്ള സമഗ്ര സുരക്ഷാ സവിശേഷതകളാൽ രൂപകൽപ്പന ചെയ്ത സ്കോർപിയോഎൻ, എസ്.യു.വി രംഗത്ത് പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചാണ് വിപണിയിൽ എത്തിയത്.







# ടെക് വിത്ത് ഹാർട്ട് അവതരിപ്പിച്ച് ക്രോംപ്ടൺ

**കൊച്ചി:** ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ഊർജ വിനിയോഗം, കാര്യക്ഷമത എന്നിവയിൽ സ്മാർട്ട് പരിഹാരങ്ങൾ മുന്നോട്ടു വയ്ക്കുന്ന ടെക് വിത്ത് ഹാർട്ട് അവതരിപ്പിച്ചു. ഇതിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ പ്രകടനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ബിഎൽഡിസി പ്ലാറ്റ്ഫോമായ ന്യൂക്ലിയസ്, ഊർജ്ജക്ഷമതയും ദീർഘകാലം ഈടും പ്രദാനം ചെയ്യുന്ന പ്ലാറ്റ്ഫോമായ എക്സ്ടെക്കും അവതരിപ്പിച്ചു.ഉപഭോക്തൃ കേന്ദ്രീകൃത ഉൽപ്പന്നങ്ങളോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുകയാണ് ടെക് വിത്ത് ഹാർട്ട് എന്ന കാമ്പയിനിലൂടെയെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ പ്രോമീത് ഘോഷ് പറഞ്ഞു.ജലസേചനത്തിനും നഗരത്തിന്റെ ജല ലഭ്യതയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾക്കുള്ള ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കടക്കുമെന്നും പ്രോമീത് ഘോഷ് പറഞ്ഞു.